പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നം: T.2748

19.06..2014 -ൽ

മറുപടിയ്ക്ക്

## കൊയിലാണ്ടി ഗവൺമെന്റ് കൊമേഴ്സ്യൽ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പരിമിതികൾ

| ചോദ്യം<br>ശ്രീ. കെ. ദാസൻ | ഉത്തരം<br>ശ്രീ. പി.കെ.അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
|---|---|
| (എ) കൊയിലാണ്ടി ഗവൺമെന്റ് കൊമേഴ്സ്യൽ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പരിമിതികളും അടിസ്ഥാന സൗകര്യങ്ങളുടെ പോരായ്മകളും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അവ പരിഹരിക്കാൻ സ്വീകരിക്കുന്ന നടപടികൾ വിശദമാക്കാമോ;<br><br>(ബി) കൊമേഴ്സ്യൽ ഇൻസ്റ്റിറ്റ്യൂട്ടിന്റെ വികസനാവശ്യങ്ങൾ ഉന്നയിച്ച് നൽകിയിട്ടുള്ള അപേക്ഷയെ തുടർന്ന് വരുന്ന നടപടികൾ വിശദമാക്കാമോ ? | (എ) & (ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കൊയിലാണ്ടി ഗവ. കൊമേഴ്സ്യൽ ഇൻസ്റ്റിറ്റ്യൂട്ട് 1983 മുതൽ വാടക കെട്ടിടത്തിലാണ് പ്രവർത്തിച്ചുവരുന്നത്. കോഴിക്കോട് ജില്ലാപഞ്ചായത്ത് കഴിഞ്ഞ വർഷം 20 ലക്ഷം രൂപ ഈ സ്ഥാപനത്തിനായി നീക്കിവച്ചിരുന്നു. പക്ഷേ സ്ഥലം ലഭിക്കാത്തതു കാരണം കെട്ടിട നിർമ്മാണം നടന്നില്ല. ഇപ്പോൾ കൊയിലാണ്ടി മുനിസിപ്പാലിറ്റിയുടെ തൊട്ടടുത്ത അരിക്കുളം പഞ്ചായത്തിൽ ഇറിഗേഷൻ ഡിപ്പാർട്ട്മെന്റിന്റെ 80 സെന്റ് സ്ഥലം വിട്ടുകിട്ടുന്നതിനുവേണ്ടി നടത്തിയ ശ്രമഫലമായി, പേരാമ്പ്ര ഇറിഗേഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ, കൊയിലാണ്ടി ഗവ. കൊമേഴ്സ്യൽ ഇൻസ്റ്റിറ്റ്യൂട്ടിന് സ്വന്തമായി കെട്ടിടം നിർമ്മിക്കുവാൻ വേണ്ടി സ്ഥലം വിട്ടുകൊടുക്കാവുന്നതാണെന്ന് കണ്ണൂർ ഇറിഗേഷൻ സൂപ്രണ്ടിംഗ് എഞ്ചിനീയർക്ക് ശുപാർശ കത്ത് അയച്ചിട്ടുണ്ട്. |

കോഴിക്കോട് ജില്ലാ പഞ്ചായത്തിന് സ്ഥലം വിട്ടു കിട്ടുകയാണെങ്കിൽ അവർ കെട്ടിടം നിർമ്മിച്ചു നൽകുവാൻ തയ്യാറാണെന്നാണ് അറിയുന്നത്. കൊമേഴ്സ്യൽ ഇൻസ്റ്റിറ്റ്യൂട്ടുകൾ ജില്ലാ പഞ്ചായത്തുകളുടെ നിയന്ത്രണത്തിൻ കീഴിലായതിനാൽ ഭൗതിക സൗകര്യം ഒരുക്കേണ്ട ചുമതല ജില്ലാ പഞ്ചായത്തുകൾക്കാണ്.

*സെക്ഷൻ ഓഫീസർ*